(ബി) പ്രസ്തുത കിണറുകളുടെ സമീപത്ത് നിന്ന് മണൽ വാരുന്നത് നിമിത്തം കിണറുകളിലെ വെള്ളം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കിണറുകളുടെ സമീപത്തുനിന്ന് മണൽവാരുന്നത് തടയാൻ എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ട് ;

(ഡി) ഭാരതപ്പുഴ റിവർ ബഡ്ഡിലെ ഭൂഗർഭ ജലസ്രോതസ്സിൽ നിന്നുള്ള ജലത്തിന്റെ അളവ് കുറഞ്ഞു വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) കുടിവെള്ള വിതരണത്തിനായി ഭാരതപ്പുഴയിൽ 29 പ്രധാന കിണറുകളും 16 ചെറിയ കിണറുകളും കുഴിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കിണറുകളുടെ സമീപത്തുനിന്നും മണൽവാരുന്നത് തടയുവാൻ വാട്ടർ അതോറിറ്റിക്ക് പ്രത്യേക സംവിധാനമൊന്നുമില്ല. കിണറുകളുടെ 500 മീറ്റർ പരിധിക്കുള്ളിൽ നിന്നും മണൽ വാരുന്നത് നിരോധിച്ചുകൊണ്ട് നിയമം നിലവിലുണ്ട്.

(ഡി) വേനൽക്കാലങ്ങളിൽ ജലത്തിന്റെ അളവ് കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നെൽകൃഷിയോടൊപ്പം മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി

12 (*339) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നെൽപ്പാടങ്ങളിൽ നെൽകൃഷിയോടൊപ്പം മത്സ്യകൃഷി വ്യാപകമാക്കുന്നതിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഈ മേഖലയിൽ എത്ര രൂപയുടെ മുതൽമുടക്കാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ;

(ഡി) ഏതൊക്കെയിനം മത്സ്യങ്ങളാണ് കൃഷി ചെയ്യാനുദ്ദേശിക്കുന്നത് ;

(ഇ) മത്സ്യകൃഷി നടപ്പാക്കുന്നതിന് കർഷകർക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുട്ടനാടൻ പാടശേഖരങ്ങളിൽ 3500 ഹെക്ടർ പ്രദേശത്ത് നെൽകൃഷിക്ക് ശേഷമുള്ള ഇടവേളയിൽ കൊഞ്ച്/മത്സ്യകൃഷി നടത്തുന്നതിനുള്ള ഒരു പദ്ധതിക്ക് സർക്കാർ ഇതിനകം രൂപം നൽകിയിട്ടുണ്ട്. 2002-2003 മുതൽ 2006-2007 വരെയുള്ള അഞ്ചുവർഷം കൊണ്ട് ആലപ്പുഴ കോട്ടയം ജില്ലകളിൽ അഡാക്കിന്റെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തിയാക്കുന്നതോടെ 2526 ടൺ ആറ്റുകൊഞ്ചും 1400 ടൺ മത്സ്യവും ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ എറണാകുളം ജില്ലയിലെ 2500 ഹെക്ടർ പൊക്കാളി പാടശേഖരങ്ങളിൽ നെൽകൃഷി സംരക്ഷിച്ചുകൊണ്ട് ചെമ്മീൻകൃഷി നടത്തുന്നതിനുള്ള ഒരു പദ്ധതിയും അഡാക്ക് നടപ്പിലാക്കി വരുന്നുണ്ട്.

(സി) "ഒരു നെല്ലും ഒരു മീനും" പദ്ധതിക്ക് 72.21 കോടി രൂപയാണ് മൊത്തം അടങ്കൽ പ്രതീക്ഷിക്കുന്നത്. ഇതിൽ 18.34 കോടി രൂപയാണ് സർക്കാർ വിഹിതമായി നൽകാൻ ഉദ്ദേശിക്കുന്നത്. പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ കൃഷി വികസന പദ്ധതിയുടെ മൊത്തം അടങ്കൽ തുകയായി 53.71 കോടി രൂപ വരുമെന്നു കണക്കാക്കിയിരിക്കുന്നു. ഇതിൽ 10.26 കോടി രൂപ സർക്കാർ വിഹിതമായി നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കട്ല, ഗ്രാസ്കാർപ്പ്, സിൽവർകാർപ്പ് തുടങ്ങിയ മത്സ്യങ്ങളും ആറ്റുകൊഞ്ചുമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്.

(ഇ) "ഒരു നെല്ലും ഒരു മീനും" പദ്ധതിയിൽ പറയുന്ന എല്ലാ കാര്യങ്ങളും ചെയ്താൽ ഒരു കർഷകഗ്രൂപ്പിന് ഹെക്ടറൊന്നിന് 50,500 രൂപ വരെ ധനസഹായം ലഭിക്കും. പാടശേഖര സമിതികൾക്കോ, ഗ്രൂപ്പുകൾക്കോ ഉള്ള സഹായം പരമാവധി 15 ഹെക്ടർ പ്രദേശത്തിനും വ്യക്തികൾക്ക് ഇത് പരമാവധി 2.5 ഹെക്ടർ പ്രദേശത്തിനുമായി പരിമിതപ്പെടുത്തിയിരിക്കുന്നു. 10 ദശലക്ഷം പി. എൽ. 20 ശേഷിയുള്ള ആറ്റുകൊഞ്ച് ഹാച്ചറി സ്ഥാപിക്കുന്നതിന് തൽപരരായ സംരംഭകർക്ക് 1.5 ലക്ഷം രൂപ എം. പി. ഇ. ഡി. എ.യിൽ നിന്നും സബ്സിഡിയായി ലഭ്യമാക്കുന്നതാണ്. കർഷകരുടെ സ്വന്തം കുളങ്ങളിൽ അഡാക്കിന്റെ മേൽനോട്ടത്തിൽ പ്രദർശന ഫാമുകൾ സ്ഥാപിക്കുന്നതിന് ഹെക്ടറിന് പരമാവധി ഒരു ലക്ഷം രൂപ സഹായധനം അനുവദിക്കുന്നതാണ്.

ലോഡ്ഷെഡ്ഡിംഗിന്റെ സമയം ദീർഘിപ്പിക്കാനുള്ള തീരുമാനം

13 (*340) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ടെന്നാണ് വൈദ്യുതി ബോർഡ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly